**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ - സെക്രട്ടറിയുടെ സീൽ സ്വകാര്യ വ്യക്തി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട പരാതി - സെക്രട്ടറി ശ്രീ. വി. സജികുമാർ, ഹെൽത്ത് ഓഫീസർ ശ്രീ.ഗോപകുമാർ ആർ.എസ്, വിരമിച്ച അക്കൗണ്ട്സ് ആഫീസർ ശ്രീ.ജയകുമാർ.എസ് എന്നവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1540/2025/LSGD തീയതി,തിരുവനന്തപുരം, 21-06-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെ 15.03.2023 തീയതിയിലെ IVO/AKN/01/2023 നമ്പർ അന്വേഷണ റിപ്പോർട്ട്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.03.2023, 18.04.2024,30.05.2025 തീയതികളിലെ LSGD/PD/10432/2023-VIGA2 നമ്പർ കത്ത്.
3. സെക്രട്ടറി ശ്രീ. വി. സജികുമാർ, ഹെൽത്ത് ഓഫീസർ ശ്രീ.ഗോപകുമാർ ആർ.എസ് എന്നിവർക്കെതിരായ 29.09.2024 തീയതിയിലെ ഇയു4/77/2023-ത.സ്വ.ഭ.വ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
4. വിരമിച്ച അക്കൗണ്ട്സ് ആഫീസർ ശ്രീ.ജയകുമാർ.എസ്-ന് നൽകിയ 29.09.2024 തീയതിയിലെ ഇയു4/77/2023-ത.സ്വ.ഭ.വ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. കോർപറേഷൻ സെക്രട്ടറി ശ്രീ. വി. സജികുമാർ, ഹെൽത്ത് ഓഫീസർ ശ്രീ.ഗോപകുമാർ ആർ.എസ് എന്നിരുടെ പ്രതിവാദ പത്രിക.
6. വിരമിച്ച അക്കൗണ്ട്സ് ആഫീസർ ശ്രീ.ജയകുമാർ.എസ് സമർപ്പിച്ച 13.12.2024 തീയതിയിലെ മറുപടി.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ സീൽ സ്വകാര്യ വ്യക്തി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട പരാതിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഇന്റേണൽ വിജിലൻസ് അന്വേഷണം നടത്തി സമർപ്പിച്ച പരാമർശം (1) അന്വേഷണ റിപ്പോർട്ടിൽ കോർപറേഷൻ അഡീ.സെക്രട്ടറി ശ്രീ. വി. സജികുമാർ, ഹെൽത്ത് ഓഫീസർ ശ്രീ.ഗോപകുമാർ ആർ.എസ്, വിരമിച്ച അക്കൗണ്ട്സ് ആഫീസർ ശ്രീ.ജയകുമാർ.എസ് എന്നിവർക്ക് വീഴ്ച സംഭവിച്ചതായി കണ്ടെത്തുകയും ടി ഉദ്യോഗസ്ഥരിൽനിന്ന് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ കോർപറേഷൻ അഡീഷണൽ സെക്രട്ടറി ശ്രീ.വി. സജികുമാർ, ഹെൽത്ത് ഓഫീസർ ശ്രീ.ഗോപകുമാർ ആർ.എസ് എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച്

പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി. അക്കൗണ്ട്സ് ആഫീസർ ശ്രീ.ജയകുമാർ.എസ് 31/05/2023 തീയതിയിൽ സേവനത്തിൽനിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ ഭാഗം III ചട്ടം 3 (ബി) പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് സമർപ്പിക്കുകയും ചെയ്തിരുന്നു.

2. കുറ്റാരോപണ മെമ്മോ/കാരണം കാണിക്കൽ നോട്ടീസിന് കോർപറേഷൻ അഡീഷണൽ സെക്രട്ടറി ശ്രീ. വി. സജികുമാർ, ഹെൽത്ത് ഓഫീസർ ശ്രീ.ഗോപകുമാർ ആർ.എസ്, വിരമിച്ച അക്കൗണ്ട്സ് ആഫീസർ ശ്രീ.ജയകുമാർ.എസ് എന്നിവർ പരാമർശം 5,6 പ്രകാരം ലഭ്യമാക്കിയ മറുപടിയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ടി ഉദ്യോഗസ്ഥരുടെ മറുപടിയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടും പരിശോധിച്ചതിൽ അച്ചടക്ക നടപടിയുമായി മുന്നോട്ട് പോകുന്നതിന് KCS (CC&A) Rule ചട്ടത്തിലെ 15 (b) പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കാണുന്നു.

3. തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ സീൽ സ്വകാര്യ വ്യക്തി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് കോർപറേഷൻ അഡീഷണൽ സെക്രട്ടറി ശ്രീ. വി. സജികുമാർ, ഹെൽത്ത് ഓഫീസർ ശ്രീ.ഗോപകുമാർ ആർ.എസ്, വിരമിച്ച അക്കൗണ്ട്സ് ആഫീസർ ശ്രീ.ജയകുമാർ.എസ് എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം അഡീഷണൽ ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അഡീഷണൽ ഡയറക്ടർ ,വിജിലൻസ് വിഭാഗം, പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/77/2023-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 21-06-2025 15:23:47
സെക്ഷൻ ഓഫീസർ